# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 30 2016



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

# പുതിയ പൊലീസ് ബാച്ച് ചുമതലയേറ്റു; സുരക്ഷയ്ക്ക് 2,980 പൊലീസുകാർ

- ജോലിക്കിടെ മൊബൈൽഫോൺ ഉപയോഗിക്കരുതെന്ന് നിർദേശം
- കർണാടക പൊലീസിന്റെ പുതിയ ബാച്ച് ഇന്ന് എത്തും
- ദുരന്തനിവാരണ സേനയ്ക്ക് സന്നിധാനത്ത് 10 പേർ കൂടി

ശബരിമല: ശബരിമലയിലും എരുമേലിയിലും പുതിയ പൊലീസ് ബാച്ച് ചുമതലയേറ്റു. 2,980 പൊലീസുകാരാണ് സുരക്ഷയ്ക്കുള്ളത്. സന്നിധാനത്ത് 12 ഡിവൈ.എസ്.പി.മാരും 30 സി.ഐ. മാരും 100 എസ്.ഐ., എ.എസ്.ഐ.മാരും 1,325 പൊലീസുകാരുമാണുള്ളത്.

സന്നിധാനത്ത് നടന്ന ചുമതലയേൽക്കൽ ചടങ്ങ് സന്നിധാനം പൊലീസ് സ്പെഷൽ ഓഫീസറായ എസ്.പി. എൻ. വിജയകുമാർ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. തീർഥാടകരുടെ സേവകരെന്ന നിലയിൽ പൊലീസ് പ്രവർത്തിക്കണമെന്നും വാക്കുകളിൽ പോലും മര്യാദകാട്ടണമെന്നും അദ്ദേഹം പറഞ്ഞു. ജോലിക്കിടെ മൊബൈൽഫോൺ ഉപയോഗിക്കരുതെന്നും അയ്യപ്പന്മാരെന്നും മാളികപ്പുറങ്ങളെന്നും മണികണ്ഠൻമാരെന്നും മാത്രമേ അഭിസംബോധനചെയ്യാവൂവെന്നും എസ്.പി. പറഞ്ഞു. പൊലിസുകാർ പെരുമാറുന്നതും ഡ്യൂട്ടി ചെയ്യുന്നതും സംബന്ധിച്ച നിർദേശങ്ങളടങ്ങിയ ഡ്യൂട്ടി പു

സ്തകം പൊലീസുകാർക്കു നൽകിയിട്ടുണ്ട്.

പമ്പയിൽ എട്ടു ഡിവൈ.എസ്.പി.മാരും 18 സി.ഐ.മാരും 80 എസ്.ഐ., എ.എസ്.ഐ.മാരും 960 പൊലീസുകാരും 13 വനിതാ പൊലീസുകാരുമുണ്ട്. എരുമേലിയിൽ ഒരു ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ആറു സി.ഐ.മാരും 63 എസ്.ഐ., എ.എസ്.ഐ.മാരും 358 പൊലീസുകാരും ആറു വനിതാ പൊലീസുകാരും സുരക്ഷാ ജോലിക്കുണ്ട്.

കർണാടക പൊലീസിന്റെ പുതിയ ബാച്ച് ഇന്ന്(ഡിസംബർ 31) എത്തും. പമ്പയിലും സന്നിധാനത്തുമായി 80 പേരാണ് ജോലി നോക്കുന്നത്. 12 എ.എസ്.ഐ.മാരും 68 പൊലീസുകാരുമാണ് പുതിയ ബാച്ചിലുള്ളത്. സന്നിധാനത്ത് ആറ് എ.എസ്.ഐ.മാരും 35 പൊലീസുകാരുമാണ് ജോലിയിലുള്ളത്.

ദേശീയദുരന്തനിവാരണ സേനയുടെ 64 പേർ സന്നിധാനത്തുണ്ട്. 10 പേർ കൂടി പുതുതായി എത്തി. മണ്ഡലകാലത്ത് 54 പേരാണ് ഇവിടെ സേവനമനുഷ്ഠിച്ചത്. നടപ്പന്തൽ, സോപാനം, യൂ ടേൺ എന്നീ മൂന്നുപോയിന്റുകളിലായാണ് ഇവരെ വിന്യസിച്ചിരിക്കുന്നതെന്ന് അസിസ്റ്റന്റ് കമാൻഡന്റ് റ്റി.എം. ജിതേഷ് പറഞ്ഞു.

അഗ്നിശമന-രക്ഷാ സേനയുടെ നാലാമത് ബാച്ച് ചുമതലയേറ്റിരുന്നു. ഒമ്പതു പോയിന്റുകളിലായി 65 പേർ 24 മണിക്കൂറും ജോലിയിലുണ്ടെന്ന് സ്പെഷൽ ഓഫീസറായ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ പി. രഞ്ജിത്ത് പറഞ്ഞു. ആർ. ഹിദേഷാണ് സന്നിധാനത്തെ സ്റ്റേഷൻ ഓഫീസർ.

സന്നിധാനത്ത് കേരള, തമിഴ്നാട്, കർണാടക പോലീസും ദ്രുതകർമസേനയും കേരള പോലീസ് കമാൻഡോകളും ദേശീയ ദുരന്തനിവാരണ സേനയും റിസർവ് പോലീസും തീർഥാടകരെ നിയന്ത്രിക്കാൻ രംഗത്തുണ്ട്.

## ഫോട്ടോ കാപ്ഷൻ

സന്നിധാനത്ത് പുതിയ പൊലീസ് ബാച്ച് ചുമതലയേൽക്കുന്നതിന്റെ ഭാഗമായി നടപ്പന്തലിൽ നടന്ന ചടങ്ങ്.

(ശബരി പി.ആർ./350/2016)

# ആദ്യ ശരണം വിളിയുമായി മണി മലയിറങ്ങി വന്നു

ശബരിമല: അയ്യനെ ദർശിക്കാൻ ശരണം വിളിയുമായി മണിയും അധികാരിയും ആദ്യം മലയിറങ്ങി വന്നു. മകരവിളക്ക് തീർഥാടനം തുടങ്ങിയ ആദ്യ ദിനം വണ്ടിപ്പെരിയാർ സത്രം വഴി കാനനപാതയിലൂടെ സന്നിധാനത്ത്

ആദ്യം എത്തിയ തീർഥാടകരാണ് ഇരുവരും.

രണ്ടുപേരും വണ്ടിപ്പെരിയാർ സ്വദേശികൾ. രാവിലെ ഒമ്പതിനാണ് ഇരുവരും പുറപ്പെട്ടത്. പന്ത്രണ്ടരയോടെ സന്നിധാനത്തിന് മുകളിൽ ഉരക്കുഴിയിൽ ചെക്ക്പോസ്റ്റിനു സമീപമെത്തി. പന്ത്രണ്ടു കിലോമീറ്റർ കാട്ടിലൂടെയുള്ള യാത്രയിൽ ഇവരുടെ പിന്നാലെ ആയിരത്തോളം പേരാണ് ഇന്നലെ വൈകിട്ട് അഞ്ചിന് നട തുറന്നപ്പോൾ ദർശനത്തിനായി എത്തിയത്. ആദ്യമെത്തിയ മണിയെയും അധികാരിയെയും വനംവകുപ്പ്, പോലീസ് ഉദ്യോഗസ്ഥർ ചേർന്നു സ്വീകരിച്ചു.

പുല്ലുമേട്ടിലൂടെ വന്ന തീർഥാടകരെ വാട്ടർ ടാങ്കിന് സമീപമുള്ള വിശ്രമകേന്ദ്രത്തിലേക്ക് മാറ്റി. വൈകിട്ട് നാലുമണിക്കു ശേഷമാണ് സന്നിധാനത്തേക്ക് പോകാൻ അനുവദിച്ചത്. പുല്ലുമേട്ടിലൂടെയും ഇങ്ങോട്ടും അങ്ങോട്ടും ഉച്ചയ്ക്ക് ഒരുമണിക്കുശേഷം തീർഥാടകരെ കയറ്റി വിടില്ല. സാധാരണഗതിയിൽ ഉച്ചയ്ക്കു ശേഷം ഈ മാർഗത്തിൽ വന്യമൃഗങ്ങൾ ഇറങ്ങാൻ സാധ്യത വളരെക്കൂടുതലാണെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. ഇന്നലത്തന്നെ ഒന്നരകിലോമീറ്റർ അകലെ പാതയ്ക്കു സമീപം കാട്ടാനകൾ ഇറങ്ങിയതായി പരിശോധനയ്ക്കായി പോയി മടങ്ങിവന്ന എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

പമ്പയിൽ നിന്ന് പത്തുമണിയോടെ തീർഥാടകരെ ഘട്ടംഘട്ടമായി കയറ്റി വിട്ടു. രണ്ടുമണിയോടെ പ്രധാനനടപ്പന്തലിൽ വലിയ ക്യൂ രൂപപ്പെട്ടു. കൂടുതലും മറുനാടുകളിൽ നിന്നുള്ള തീർഥാടകരാണ് എത്തിയത്.

## ഫോട്ടോ കാപ്ഷൻ

മകരവിളക്ക് തീർഥാടനം ആരംഭിച്ച് ആദ്യദിനം പുല്ലുമേട് കാനനപാതയിലൂടെ ഉരക്കുഴിയിൽ ആദ്യമെത്തിയ വണ്ടിപ്പെരിയാർ സ്വദേശികളായ മണിയും അധികാരിയും

(ശബരി പി.ആർ./351/2016)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 30 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


# മണ്ഡലകാലം: കെ.എസ്.ആർ.ടി.സി.ക്ക് 11.78 കോടി രൂപ വരുമാനം

മണ്ഡലകാലത്ത് കെ.എസ്.ആർ.ടി.സി.യുടെ പമ്പ, ചെങ്ങന്നൂർ, കോട്ടയം ഡിപ്പോകളിൽനിന്നുള്ള 41 ദിവസത്തെ വരുമാനം 11.78 കോടി രൂപ.

പമ്പ ഡിപ്പോയിലെ വരുമാനം 8,38,10,988 രൂപയാണ്. പമ്പയിൽനിന്ന് 151 ബസുകളിലായി ചെയിൻ അടക്കം 19,589 സർവീസുകളാണ് ഇക്കാലയളവിൽ കെ.എസ്.ആർ.ടി.സി. നടത്തിയത്.

ചെങ്ങന്നൂർ ഡിപ്പോയിലെ വരുമാനം 2,18,96,353 കോടി രൂപയാണ്. 46 ബസുകളാണ് സർവീസ് നടത്തിയത്. 2,219 സർവീസുകൾ നടത്തി. മകരവിളക്കുകാലത്ത് 56 ബസുകൾ സർവീസ് നടത്തും.

കോട്ടയം ഡിപ്പോയിലെ വരുമാനം 1,21,35,356 രൂപയാണ്. 37 ബസുകളാണ് സർവീസ് നടത്തിയത്. 3,336 സർവീസുകൾ നടത്തി. കഴിഞ്ഞവർഷത്തേക്കാൾ 8.43 ലക്ഷം രൂപ കൂടുതലായി ലഭിച്ചു. 272 സർവീസുകൾ അധികമായി നടത്തി.

(ശബരി പി.ആർ./352/2016)

# <u>സന്നിധാനത്ത് ഇന്ന്</u>
# <u>ഭക്തിഗാന സങ്കീർത്തനം</u>

സന്നിധാനത്തെ ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ ഇന്ന്(ഡിസംബർ 31) വൈകിട്ട് ഏഴു മുതൽ ഒമ്പതു വരെ ഭക്തിഗാന സങ്കീർത്തനം നടക്കും. പാറശാല ശ്രീ ഭുവനേശ്വരി ഭജനസംഘമാണ് പരിപാടി അവതരിപ്പിക്കുന്നത്.

(ശബരി പി.ആർ./353/2016)

# <u>ശബരിമലയിൽ ഇന്ന് (ഡിസംബർ 31)</u>

വെളുപ്പിന് മൂന്ന്: നടതുറക്കൽ, നിർമാല്യം, അഭിഷേകം
3.30: ഗണപതി ഹോമം
3.30-7: നെയ്യഭിഷേകം
7.30: ഉഷപൂജ
8:30-11: നെയ്യഭിഷേകം
11.10: തോണിയിൽ നിക്ഷേപിച്ച നെയ്യഭിഷേകം
11-11.30: അഷ്ടാഭിഷേകം
12.30: ഉച്ചപൂജ
1.00: നടയടയ്ക്കൽ
ഉച്ചകഴിഞ്ഞ് മൂന്ന്: നടതുറക്കൽ
6.30: ദീപാരാധന
7-9.30: പുഷ്പാഭിഷേകം
9.30: അത്താഴപൂജ
11.00: ഹരിവരാസനം, നടയടയ്ക്കൽ

(ശബരി പി.ആർ./354/2016)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ
DECEMBER 30 2016



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


## മകരവിളക്ക് തീർഥാടനത്തിന് ഭക്തിനിർഭരമായ തുടക്കം

# തിരുസന്നിധി തുറന്നു; പൂങ്കാവനം ഭക്തിസാന്ദ്രം

ശബരിമല: കറുപ്പുടുത്ത് കഠിനവ്രതമെടുത്തെത്തിയ ഭക്തരുടെ ശരണംവിളികൾ കേട്ട് ശബരീശൻ യോഗനിദ്രയിൽനിന്നുണർന്നു. ദർശനസാഫല്യത്തിനായി കാത്തുനിന്ന ആയിരങ്ങളുടെ ശരണം വിളികൾക്കിടയിൽ ഈവർഷത്തെ മകരവിളക്ക് മഹോത്സവത്തിനായി ഇന്നലെ വൈകിട്ട് അഞ്ചിന് ശബരിമല നട തുറന്നു. തന്ത്രി കണ്ഠര് രാജീവരും മേൽശാന്തി ടി. എം. ഉണ്ണികൃഷ്ണൻ നമ്പൂതിരിയും ചേർന്ന് തിരുനട തുറന്നു.

തുടർന്ന് മേൽശാന്തി ടി.എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി പതിനെട്ടാംപടി ഇറങ്ങി വന്ന് ആഴിയിൽ അഗ്നി പകർന്നു. ഹൈക്കോടതി നിയോഗിച്ച സ്പെഷൽ ഓഫീസർ എം. മനോജിന്റെ മകൾ മൂന്നാംക്ലാസുകാരി ജാൻവി ഇരുമുടിക്കെട്ടുമായി ആദ്യം തേങ്ങ ഉടച്ച് പതിനെട്ടാംപടി കയറിയതോടെ ഈ വർഷത്തെ മകരവിളക്ക് തീർഥാടനത്തിന് ഭക്തിനിർഭരമായ തുടക്കം.

യോഗദണ്ഡും കൈയിൽപ്പിടിച്ച് ശിരസിൽ കെട്ടുമായി ഭസ്മാഭിഷിക്തനായി കാണപ്പെട്ട ഭഗവാന് ഇന്നലെ പ്രത്യേക പൂജകളൊന്നുമുണ്ടായിരുന്നില്ല. മാളി

കപ്പുറം നട ഇതേ സമയത്ത് മേൽശാന്തി പുതുമന മനു നമ്പൂതിരി തുറന്നു.

ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടെതന്നെ നടപ്പന്തൽ നിറഞ്ഞ് തീർഥാടകരുടെ ക്യൂ നീണ്ടു. പുല്ലുമേടുവഴിയുള്ള കാനനപാതകളിലൂടെ ആയിരത്തിലധികം പേർ സന്നിധാനത്തെത്തി. കുഞ്ഞു മണികണ്ഠൻമാരും കൊച്ചുമാളികപ്പുറങ്ങളും ശരണംവിളിയും കളിയും ചിരിയുമായി ഭഗവത് ദർശനത്തിനു രക്ഷിതാക്കളോടും ബന്ധുക്കളോടുമൊപ്പം കാത്തുനിൽക്കുന്നുണ്ടായിരുന്നു.

ജനുവരി 14 ന് മകരവിളക്കും ജ്യോതിദർശനവും നടക്കുന്നതുവരെ പൂങ്കാവനവും പരിസരവും ശരണംവിളികളിലും തിരക്കിലും അമരും. ജനുവരി എട്ട്, ഒമ്പത് തീയതികളിൽ പമ്പ സംഗമവും ജനുവരി 13 ന് പ്രശസ്തമായ പമ്പ സദ്യയും വിളക്കും നടക്കും. ജനുവരി 19 വരെയാണ് ദർശനം. 20 ന് രാവിലെ ഏഴിന് നട അടയ്ക്കുന്നതോടെ ഈവർഷത്തെ മകരവിളക്ക് മഹോത്സവത്തിന് സമാപ്തിയാകും.

(ശബരി പി.ആർ./355/2016)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.